## മധുരമായ കുട്ടികളേ - നിങ്ങൾക്ക് ആത്മീയ സമ്പാദ്യത്തിൽ വളരെ-വളരെ ശ്രദ്ധ കൊടുക്കണം, ശിരസ്സിൽ വികർമ്മങ്ങളുടെ ഭാരം വളരെയുണ്ട്, അതു കൊണ്ട് സമയം വ്യർത്ഥമാക്കിക്കളയരുത്.

**ചോദ്യം:-** ആത്മീയ സമ്പാദ്യത്തിൽ ശ്രദ്ധവെക്കുന്ന കുട്ടികളുടെ അടയാളമെന്തായിരിക്കും?
**ഉത്തരം:-** 1. അവർ ഒരിക്കലും വ്യർത്ഥകാര്യങ്ങളിൽ തന്റെ സമയം പാഴാക്കിക്കളയുകയില്ല. ശരീര നിർവ്വാഹം ചെയ്തുകൊണ്ടും ആത്മീയ സമ്പാദ്യത്തിന് സമയം കണ്ടെത്തും. അതിരാവിലെ ഏഴുന്നേറ്റ് വളരെ വളരെ സ്നേഹത്തോടെ ബാബയെ ഓർമ്മിക്കും. 2. അവർ ബാബക്കു സമാനം ദയാമനസ്ക്ക രായി മാറി സ്വയത്തിലും മറ്റുള്ളവരിലും കരുണ കാണിക്കും. സർവ്വർക്കും ബാബയുടെ പരിചയം നൽകും.

**ഗീതം:-** നീ തന്നെയാണ് മാതാവും പിതാവും നീ തന്നെയാണ്....

**ഓം ശാന്തി.** കുട്ടികൾ ഗീതത്തിൽ മാതാവിന്റേയും പിതാവിന്റേയും മഹിമ കേട്ടു, ചില വീടുകളിൽ കുട്ടികളുമുണ്ടായിരിക്കുമ്പോൾ അച്ഛനമ്മമാരും മുത്തച്ഛനുമുണ്ടായിരിക്കുമല്ലോ. മുത്തച്ഛനിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത് - അച്ഛനിലൂടെ, എന്തുകൊണ്ടെന്നാൽ മുത്തച്ഛന്റെ സമ്പത്തുതന്നെയാണ് അച്ഛ ന്റെയും സമ്പത്ത്. എങ്കിൽ ഇത് വളരെ വലിയ സമ്പത്താണ്. ലോകർക്ക് ഒന്നും തന്നെ അറിയുകയില്ല. കുട്ടികൾക്കറിയാം. നീ തന്നെയാണ് അമ്മയും നീ തന്നെയാണ് അച്ഛനും . . . എന്നുള്ളത് ഈ ദാദയെക്കുറി ച്ചാണ് പറയുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ പരിചയം നൽകേണ്ടിയിരിക്കുന്നു. സന്മുഖത്തായാലും ചിത്രങ്ങളിലൂടെ ആയാലും പ്രൊജക്ടറിലൂടെയായാലും ദാദയുടെ പരിചയം തീർച്ചയായും നൽകണം. ശരീരധാരിയായ ദാദ സാകാരത്തിലാണ്. നിങ്ങളുടെ ബുദ്ധിയിൽ ആദ്യം ആരാണ് വന്നത്? ദാദ. പ്രൊജ ക്ടറിലുടെ മനസ്സിലാക്കിക്കൊടുത്താലും, ഓരോ ചിത്രവും കാണിച്ചുകൊടുക്കണം. ആദ്യമാദ്യം പരമ പിതാ പരമാത്മാവിന്റെ പരിചയം നൽകണം. പരമപിതാ പരമാത്മാവുമായി നിങ്ങളുടെ സംബന്ധമെന്താണ്? പ്രജാപിതാ ബ്രഹ്മാവുമായി നിങ്ങളുടെ സംബന്ധമെന്താണ്? അതുകൊണ്ട് ആദ്യമാദ്യം ശിവന്റെ ചിത്രം കാണിക്കണം, അതിനുശേഷം അതിനെക്കുറിച്ചുള്ള വിവരണങ്ങൾ, ആരാണോ പ്രദർശിനിയിൽ പറഞ്ഞു കൊടുക്കുന്നത് അല്ലെങ്കിൽ മാഗസീനുണ്ടാക്കുന്നത്, അവർ ആദ്യമാദ്യം ശിവന്റെ പരിചയം നൽകണം. ഗീതയിൽ ഭഗവാനുവാചാ എന്നെഴുതിയിട്ടുണ്ട്. എങ്കിൽ ആദ്യം ഭഗവാന്റെ പരിചയം നൽകണം. നിങ്ങ ളെല്ലാവരുടേയും ബുദ്ധി മുകളിൽ പോയിരിക്കുകയാണ്. എല്ലാവരെക്കാളും ഉയർന്നത് നിരാകാരനായ പരമപിതാ ശിവ പരമാത്മാവാണ്. പിന്നെ ബ്രഹ്മാ, വിഷ്ണു, ശങ്കർ, പിന്നെ ഇവിടെ വരുമ്പോൾ ഏതു പോലെ വീട്ടിൽ അച്ഛനും അമ്മയും, ദാദയും ഇരിക്കുന്നു, അതേപോലെ. അത് പരിധിയുള്ള കാര്യമാണ്, ഇത് പരിധിയില്ലാത്ത കാര്യമാണ്. ചിത്രങ്ങളോടൊപ്പം മുഴുവൻ വിവരണങ്ങളും വേണം. വ്യത്യാസവും പറഞ്ഞുകൊടുക്കണം, അതായത് അനേക മനുഷ്യർ ഹഠയോഗം പഠിപ്പിച്ച് വരുന്നു, എന്നാൽ ഒരു പരമാ ത്മാവ് മാത്രമാണ് രാജയോഗം പഠിപ്പിക്കുന്നത്, ഏതിലൂടെയാണോ മുക്തിയും ജീവൻ മുക്തിയും ലഭിക്കു ന്നത്. ഇവിടെ ഒരു നിരാകാര പരമപിതാ പരമാത്മാ ശിവഭഗവാനുവാചയുടെ കാര്യം മാത്രമാണ്. ഏതു പോലെ ലൗകിക അച്ഛൻ-അമ്മ, മുത്തച്ഛൻ മുതലായവർ കുട്ടികളുടെ ബുദ്ധിയിൽ ഓർമ്മ വരുന്നു, അതു പോലെ തന്നെ നിങ്ങളുടെ ബുദ്ധിയിലും ഓർമ്മ വരികയാണ്. ഇത് കേവലം പാരലൗകികവും അത് ലൗകി കവും, അത്രമാത്രം. നിങ്ങൾക്ക് നിശ്ചയമുണ്ട് ഇത് ശിവബാബയാണ്. നമ്മുടെ അച്ഛനാണെങ്കിൽ അവരെ ഓർമ്മിക്കണം, എന്നാൽ കുട്ടികൾ മറന്നുപോകുന്നു. സമയം വ്യർത്ഥമാക്കിക്കളയുന്നു. സമയം വ്യർത്ഥ മാക്കിക്കളയരുത് കാരണം തലയിൽ വളരെയധികം വികർമ്മഭാരമുണ്ട്. ആത്മാവിൽ അഴുക്ക് പിടിച്ചിരി ക്കുകയാണ്. അതുകൊണ്ട് പരമാത്മാവ് ആരാണെന്നെഴുതണം. പരമാത്മാവിനെക്കുറിച്ചും കൃഷ്ണനെ ക്കുറിച്ചും ഇടക്കിടെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും ഗോളം വളരെ പ്രസിദ്ധമാണ്. നരകത്തിന്റെ ഗോളത്തിലെഴുതണം ഇത് രാവണ രാജ്യവും, ഭ്രഷ്ടാചാരലോകവു മാണ്, പിന്നെ സ്വർഗ്ഗത്തിന്റെ ഗോളത്തിൽ അത് ശ്രേഷ്ഠാചാരലോകമാണെന്നും എഴുതണം. എത്ര സമയം സ്വർഗ്ഗം, എത്ര സമയം നരകം നടക്കുന്നു എന്നുമെഴുതണം. നോക്കൂ, ഉയരുന്ന കല, ഇറങ്ങുന്ന കല എന്നിവയുടേയും ചിത്രമുണ്ട് എന്തെന്നാൽ ഇറങ്ങുന്ന കലയിൽ അയ്യായിരം വർഷവും ഉയരുന്ന കല യിൽ ഒരു സെക്കന്റുമാണെടുക്കുന്നത്, അപ്പോൾ അത് ഒറ്റക്കുതിപ്പാണ്. ഈ മുഖ്യമായ കാര്യങ്ങൾ മന സ്സിലാക്കിക്കൊടുക്കണം, പിന്നീടാണ് വിരാടരൂപത്തിന്റെ ചിത്രം, ഇതിലാണ് ശ്രേഷ്ഠ ഈശ്വരീയ സമ്പ്ര ദായ ബ്രാഹ്മണർ വരുന്നത്. ബ്രഹ്മാമുഖത്തിലൂടെ രചിക്കപ്പെട്ട നിങ്ങളുടെ കുലം പ്രസിദ്ധമാണ്. സർവ്വോ

ത്തമമാണ്. എല്ലാവർക്കും പറഞ്ഞുകൊടുക്കാൻ ഈ ചിത്രവും അത്യാവശ്യമാണ്. വിവിധ ധർമ്മങ്ങളുടെ കല്പ വൃക്ഷത്തിന്റെയും ചിത്രം വളരെ നല്ലതാണ്. കുട്ടികൾക്ക് സ്വദർശനചക്രധാരികളായിമാറണം. അതുകൊണ്ട് ചക്രമെങ്ങിനെയാണ് കറങ്ങുന്നതെന്നതിന്റെ ജ്ഞാനവും നൽകണം. എങ്ങിനെയാണ് ബ്രഹ്മാ–സരസ്വതിയുടെത് ഹീറോ–ഹീറോയിന്റെ പാർട്ടാകുന്നതെന്നും മനസ്സിലാക്കിക്കൊടുക്കണം. അതുകൊണ്ട് ഭൂഗോളത്തിന്റെ വളരെ വലിയ ചിത്രം വേണം. കൂടിയാൽ ഒരു മണിക്കൂറോ ഒന്നരമണിക്കൂറോ പ്രൊജക്ടർ ഷോയും കാണിച്ചുകൊടുക്കണം കാരണം മനുഷ്യർ ഈ കാര്യങ്ങളിൽ ക്ഷീണിച്ചുപോകുന്നു. ഇത് കഥയൊന്നുമല്ല – ഇത് ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. ആദ്യം എഴുതിച്ചതിനുശേഷം മാത്രം ഉള്ളിൽ കയറ്റണം. അതുകൊണ്ട് കാണാൻ ടിക്കറ്റും വെക്കേണ്ടതാണ്. പണം വാങ്ങിയുള്ള ടിക്കറ്റുകളല്ല, എന്നാൽ എൻട്രിപാസുണ്ടായിരിക്കണം. വലിയ വലിയ വ്യക്തികളെ പ്രത്യേകം ക്ഷണിക്കണം കാരണം അവരെക്കൊണ്ട് അഭിപ്രായങ്ങളും എഴുതിക്കണം. തിരക്കിൽ എങ്ങിനെ എഴുതിക്കും, എങ്ങിനെ കാണിക്കും എന്നതുകൊണ്ട് വലിയ വ്യക്തികളെക്കൊണ്ട് ആദ്യമാദ്യം എഴുതിക്കണം, പിന്നീട് സാധാരണക്കാരെക്കൊണ്ട് എഴുതിക്കണം. പ്രദർശിനികളിലും പ്രൊജക്ടർ ഷോകളിലും ഇങ്ങിനെ ചെയ്യണം, മാഗസീനുകളിൽ നല്ല നല്ല ചിത്രങ്ങൾ വിവരണ സഹിതം പ്രിന്റുചെയ്ത് ഗിഫ്റ്റായി കൊടുക്കണം. ഹഠയോഗത്തിന്റെയും രാജയോഗത്തിന്റെയും താരതമ്യം നല്ലരീതിയിൽ എഴുതണം. ഹഠയോഗം ഒരു തരത്തിലുള്ള ഹിംസയാണ് എന്തുകൊണ്ടെന്നാൽ ശരീരത്തിന് പ്രയാസം, കഷ്ടം നൽകുകയാണ്. ഇത് നിങ്ങളുടെ അഹിംസകയോഗമാണ്, വളരെ സഹജവുമാണ്. ബാബയുടെ ഓർമ്മയിൽ കറങ്ങിക്കൊണ്ടിരിക്കൂ. ഹിംസയുടേയും അഹിംസയുടേയും കാര്യം തെളിയിച്ചുകൊടുക്കണം. ചിലർ ശരീരത്തിന്റെ ആരോഗ്യത്തിനുവേണ്ടി ക്രിയകൾ ചെയ്യുന്നു, എന്നാൽ അവർ പരമാത്മാവിനെ കാണുന്നില്ല, ഹഠയോഗത്തേയും യോഗമെന്നു പറയുകയാണ്. യോഗാശ്രമമല്ലേ. ഇത് സഹജ രാജയോഗമാണ്. ഈശ്വരനാൽ പഠിപ്പിക്കപ്പെട്ട യോഗം. അതുകൊണ്ട് ഇത് നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കണം. ആരുടെ ബുദ്ധിയാണോ മുഴുവൻ ദിവസവും വ്യർത്ഥ കാര്യങ്ങളിൽ കിടക്കുന്നത് അവർക്ക് ഒന്നും പഠിപ്പിക്കാൻ കഴിയുകയില്ല. ആരുടെ ബുദ്ധിയിലാണോ സേവനത്തിന്റെ കാര്യങ്ങളെക്കുറിച്ചുള്ള ചിന്തയുള്ളത് അവർക്കേ പഠിപ്പിക്കാൻ കഴിയൂ. 8 മണിക്കൂർ ജോലിചെയ്തതിനുശേഷം ഈ സമ്പാദ്യത്തിൽ മുഴുകിയിരിക്കണം. അതുകൊണ്ട് ഈ സമ്പാദ്യത്തിൽ വളരെ ശ്രദ്ധകൊടുക്കണം. യോഗത്തിന്റെ അഭ്യാസവും ചെയ്യണം. രാവിലെ വളരെ സ്നേഹത്തോടുകൂടി ബാബയെ ഓർമ്മിക്കണം. ആരെയാണോ ഒന്നും രണ്ടും നമ്പറുകളിൽ വെക്കുന്നത് അവരും ഓർമ്മിക്കുന്നില്ല. നല്ല രീതിയിൽ പ്രഭാഷണം ചെയ്യും പക്ഷെ ബാബയുടെ ഓർമ്മയിലിരിക്കുന്നില്ല. ആത്മാവ് ഓർമ്മകൊണ്ടാണ് പറക്കുന്നത്, ജ്ഞാനം കൊണ്ടല്ല. ധ്യാനത്തിലും ഓർമ്മകൊണ്ടാണ് പോകുന്നത്. എന്നാൽ ഇതിൽ ജ്ഞാനത്തിന്റെ ഒരു കാര്യവുമില്ല. സാക്ഷാത്ക്കാരം വെറും ചില്ലിക്കാശിന്റെ കാര്യമാണ്. ചിലർക്ക് പെട്ടെന്ന് കൃഷ്ണന്റെ സാക്ഷാൽക്കാരമുണ്ടാകുന്നു. ചില കുട്ടികളെഴുതുകയാണ് – ബാബാ ഞങ്ങൾ അങ്ങയെ തിരിച്ചറിഞ്ഞു. അവർ ധ്യാനത്തിൽ ബ്രഹ്മാവിനേയും കാണുന്നു, പ്രേരണയും ലഭിക്കുന്നു. അപ്പോൾ അവർക്ക് നിശ്ചയമുണ്ടാകുന്നു. ആരാണോ ബാബയെ കണ്ടിട്ടുപോലുമില്ലാത്തത് അവരും എഴുതുന്നുണ്ട് ബാബാ ഞങ്ങൾ അങ്ങയെ വളരെയധികം ഓർമ്മിക്കുന്നു. ഞങ്ങൾ അങ്ങയിൽ നിന്ന് തീർച്ചയായും സമ്പത്തെടുക്കും. അങ്ങേക്കറിയാമല്ലോ ഞങ്ങൾ ഓർമ്മിക്കുകയാണെന്ന്. അങ്ങ് എന്നു പറയുമ്പോൾ ശിവ ബാബയുടെ ഓർമ്മവരുന്നു. ബന്ധനസ്ഥരായ കുട്ടികൾ വളരെയധികം ഓർമ്മിക്കുന്നു, എന്നാൽ മുന്നിലിരിക്കുന്നവർ അത്രയും ഓർമ്മിക്കുന്നില്ല. ഇതാണ് ഓർമ്മയുടെ കാര്യം. ഗാന്ധിജി പറഞ്ഞിരുന്നു രാമരാജ്യം വേണമെന്ന്. ഇപ്പോൾ രാവണ രാജ്യമാണ്. ഇതിനെക്കുറിച്ചും നിങ്ങൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ കഴിയും. ഉയരുന്ന കലയിലേയ്ക്ക് പരമാത്മാവിനു മാത്രമേ കൊണ്ടു പോകാൻ കഴിയൂ, ബാക്കിയുള്ളവരെല്ലാം അന്യോന്യം വീഴ്ത്തിക്കൊണ്ടിരിക്കുകയാണ്. ദേവതകളും വീണുപോകുന്നു. സുഖമുണ്ടെങ്കിലും കലകൾ കുറഞ്ഞുപോകുകയാണല്ലോ. പേനിനെപ്പോലെ വീണുകൊണ്ടിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ ഡ്രാമയും പേനിനെപ്പോലെയാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. ഉയരുന്ന കല ഒരാൾ മുഖേന മാത്രമാണുണ്ടാകുന്നത്. പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാൻ പ്രൊജക്ടർ വളരെ നല്ലതാണ്. സെന്ററുകളും വളരെ വളരെയധികം ഉണ്ടായിക്കൊണ്ടിരിക്കും. ബാബ പറയുകയാണ് ഓരോ ഭാഷകളിലും സ്ളൈഡുകളുണ്ടാക്കണം. എന്നാൽ അങ്ങിനെ ജോലി ചെയ്യുന്നവർ ആരും തന്നെയില്ല. ബാബ യുക്തികൾ പറഞ്ഞുതരികയാണ്. പക്ഷെ സേവനം ചെയ്യുന്നവരുണ്ടെങ്കിൽ സർവ്വീസ് വളരെയധികം നടക്കും.

കുട്ടികൾക്ക് തന്റെ സഹോദര–സഹോദരിമാരോട് വളരെ കരുണ തോന്നേണ്ടതാണ്. ബാബ ദയാ സാഗരനല്ലേ. എന്റെ വരവും ഭാരതത്തിൽ തന്നെയാണ്, വേറെ ഒരുസ്ഥലത്തും ഞാൻ വരുന്നില്ല. ശിവ ജയന്തിയും ഭാരതത്തിലാണ് ആഘോഷിക്കുന്നത്. എന്നാൽ ഒന്നും അറിയുന്നില്ല, ആലോചിച്ചു നോക്കൂ, ക്രിസ്മസ്സ് ആഘോഷിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ കർത്തവ്യത്തെക്കുറിച്ചും അറിയും. എന്നാൽ ശിവന്റെ

കർത്തവ്യത്തെക്കുറിച്ച് ഒന്നും അറിയുകയില്ല. ശിവൻ തന്നെയാണ് പതിത–പാവനൻ. ഭാരതം ഏറ്റവും വലിയ തീർത്ഥസ്ഥാനമാണ്. ഗീതയിൽ കൃഷ്ണന്റെ പേരിടുകകാരണം ഇത്രയും വലിയ തീർത്ഥസ്ഥാനമായ ഭാരതത്തിന്റെ മഹിമ നഷ്ടപ്പെട്ടു. നോക്കൂ, മുഹമ്മദ് ഗസ്നവി ക്ഷേത്രം കൊള്ളയടിച്ചു, എന്നാൽ ഇത് തന്റെ പിതാവിന്റെ ക്ഷേത്രമാണെന്നറിയുമായിരുന്നെങ്കിൽ കൊള്ളയടിക്കുമായിരുന്നോ. സ്വർഗ്ഗം സ്ഥാപിച്ച അള്ളാഹുവിന്റെ ക്ഷേത്രത്തെ ആരു കൊള്ളയടിക്കും? ശിവബാബയെ മനസ്സിലാക്കിയിരുന്നെങ്കിൽ ഒരിക്കലും ക്ഷേത്രത്തെ തൊടുമായിരുന്നില്ല. അവർ ശിവനെ നമസ്ക്കരിക്കുന്നുണ്ടെങ്കിലും മനസ്സിലായിരുന്നെങ്കിൽ ഒരിക്കലും കവർച്ച നടത്തുകയില്ല. കേവലം കൃഷ്ണന്റെ പേര് ഗീതിയിലിടുക കാരണമാണ് ഇതെല്ലാം സംഭവിച്ചത്. നോക്കൂ, ഗീതയെ ഖണ്ഡിക്കുക കാരണം സ്ഥിതിഗതികൾ എന്തായി? സദ്ഗതി ദാതാവ് ഒരേ ഒരു ശിവനാണ്, വേറെ ആരും തന്നെയല്ല. ശിവൻ വന്നില്ലായെങ്കിൽ എങ്ങിനെ പാവനമായി മാറും? ഭാരതത്തിനെ എങ്ങിനെ സ്വർഗ്ഗമാക്കി മാറ്റാൻ കഴിയും? ഇത് ഗുപ്തമായ കാര്യമല്ലേ. നമ്മൾ ദുർഗ്ഗതിയിലായിരുന്നുവെന്ന് അറിയാം. ഇപ്പോൾ ഇവിടെ ഇരിക്കുകയാണ്, പക്ഷെ പോയിക്കൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് വളരെ സന്തോഷമുണ്ടാകേണ്ടതാണ് കാരണം നാം നമ്മുടെ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മറ്റുള്ളവർക്കും വഴി പറഞ്ഞുകൊടുത്ത് പ്രജയുണ്ടാക്കണം. വളരെ പരിശ്രമം ചെയ്യേണ്ടതുണ്ട്. വാസ്തവത്തിൽ വളരെ സഹജമാണ്. കേവലം ബാബയേയും സമ്പത്തിനേയും ഓർമ്മിക്കണം. സ്വർഗ്ഗത്തെ ഓർമ്മിക്കൂ, ഇത് നരകമാണ്. ഹംസൊ യുടെ അർത്ഥവും ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, നമ്മൾ തന്നെയായിരുന്നു ദേവതകൾ, നമ്മൾ തന്നെയായിരുന്നു ക്ഷത്രിയർ..... വേറെ ആരും ഈ കാര്യങ്ങളെ മനസ്സിലാക്കുകയില്ല. അതുകൊണ്ട് വിരാട രൂപത്തിന്റെ ചിത്രത്തിൽ ഇത് പറഞ്ഞു കൊടുക്കണം അതായത് നമ്മൾ തന്നെയാണ് ദേവത,.... ആയി മാറുന്നത്. നാം ഇപ്പോൾ ഇതാ സ്വർഗ്ഗത്തിൽ എത്തിക്കഴിഞ്ഞു. വളരെ പേർ ചോദിക്കാറുണ്ട് എത്ര താമസമുണ്ട്? ബാബ പറയുകയാണ് സ്വർഗ്ഗത്തിൽ പോകാൻ നിങ്ങൾ എവിടെയാണ് തയ്യാറായിരിക്കുന്നത്. ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. എത്രയും സ്ഥാപന നടന്നുകൊണ്ടിരിക്കുന്നുവോ അത്രയും വിനാശജ്വാലയും പതുക്കെ പതുക്കെ വർദ്ധിച്ചുകൊണ്ടിരിക്കും. ധർമ്മങ്ങളിൽ വഴക്കുകൾ തുടങ്ങിക്കൊണ്ടിരിക്കുകയാണ്. മുമ്പ് പാർട്ടീഷൻ ഉണ്ടായിരുന്നില്ലല്ലോ. നിങ്ങൾക്കറിയാം ആദ്യം ഒരു ദേവത ധർമ്മം മാത്രമാണുണ്ടായിരുന്നത്. പാട്ടുമുണ്ടല്ലോ – അങ്ങയെ ലഭിച്ചു എങ്കിൽ ഞങ്ങൾ സ്വർഗ്ഗം യോഗശക്തികൊണ്ട് എടുത്തുകൊണ്ടിരിക്കുകയാണ്. ബാഹുബലം കൊണ്ട് ആർക്കും സ്വർഗ്ഗം എടുക്കാൻ കഴിയുകയില്ല. അവരുടെ പക്കൽ ബാഹുബലമുണ്ട്. റഷ്യയും അമേരിക്കയും അന്യോന്യം യോജിക്കുകയാണെങ്കിൽ മുഴവൻ, ലോകവും കീഴടക്കാൻ കഴിയും. പക്ഷെ അങ്ങിനെ ഒരിക്കലും സംഭവിക്കുകയില്ല. എപ്പോഴാണോ ദേവതകളുടെ രാജ്യമുണ്ടായിരുന്നത് അപ്പോൾ അവിടെ ക്രൈസ്തവരും, ബൗദ്ധികളും ഉണ്ടായിരുന്നില്ല. ഇപ്പോൾ ദേവതാ ധർമ്മത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ഭാരതം അവിനാശി ഖണ്ഡമാണ്. ബാബയും ഇവിടെയാണല്ലോ വന്നിരിക്കുന്നത്. ഡ്രാമയിൽ അങ്ങിനെത്തന്നെയാണുള്ളത് അതായത് യോഗബലം കൊണ്ടാണ് രാജ്യപദവി ലഭിക്കുന്നത്. ഭാരതത്തിന്റെ പ്രാചീന യോഗം വളരെ പ്രസിദ്ധമാണ്, എന്നാൽ ആരാണ് യോഗം പഠിപ്പിച്ചത്, എങ്ങിനെ പഠിപ്പിച്ചു എന്നത് ആർക്കു അറിയുകയില്ല. കൃഷ്ണനാണെങ്കിൽ യോഗം പഠിപ്പിച്ചിട്ടില്ല. പരമപിതാ പരമാത്മാവുതന്നെയാണ് യോഗം പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇത് എത്ര ഗൂഢമായ കാര്യമാണ്, ഇത് ബുദ്ധിയിൽ നിന്ന് വഴുതിപ്പോകുകയാണ്. ചിലർ അറിഞ്ഞുകൊണ്ടും വിട്ടുകളയുന്നു. അതുകൊണ്ടാണ് ബാബ പറയുന്നത് വിവേകശാലികളെ കാണണമെങ്കിൽ ഇവിടെ വരൂ... വിവേകശാലികൾ സമ്പത്തെടുക്കുന്നു. വിവേകശൂന്യർ വിട്ടുകളയുന്നു, സ്വർഗ്ഗത്തിന്റെ സമ്പത്ത് കളയുന്നു. മഹാവിഡ്ഢികളെയും മഹാ ബുദ്ധിശാലികളെയും ഇവിടെ കാണാൻ കഴിയും. അവർ സ്വർഗ്ഗത്തിൽ പോകും പക്ഷെ പ്രജകളായിരിക്കും. നിങ്ങൾക്കറിയാം സൂര്യവംശി, ചന്ദ്രവംശി പ്രജകൾ എങ്ങിനെയാണുണ്ടാകുന്നത്. ബാബയുടെ മടിത്തട്ട് ഇവിടെയാണ് ലഭിക്കുന്നത്. മൂലവതനത്തിൽ മടിത്തട്ടിന്റെ കാര്യമില്ല. കുട്ടി ജനിക്കുമ്പോൾ ഗുരുവിന്റെ മടിത്തട്ടിൽ വെച്ചുകൊടുക്കുന്നു. കരുതുകയാണ് ഗുരുവിന്റെ മടിത്തിട്ടിൽ പോയില്ലെങ്കിൽ ദുർഗ്ഗതി പ്രാപിക്കും. ചെറിയ കുട്ടികൾക്കും ഗുരുവിനെ വെക്കുന്നു. ഗുരുവില്ലാതെ ഗതിയില്ല, ഇത് ഗുരുക്കന്മാരാണ് മനസ്സിലാക്കിത്തന്നിരിക്കുന്നത്. അറിയില്ല എപ്പോളാണ് ശരീരം വിടുകയെന്നത്. അവിടെയാണെങ്കിൽ ജന്മമെടുത്തതിന് ശേഷം ഗുരുവിന്റെ പക്കൽ പോകുന്നു. ഇവിടെ മൂന്നുപേരും ഒന്നിച്ചാണ് (കംബയിന്റ്) . ഇത് ഒരു ശാസ്ത്രങ്ങളിലും എഴുതിയിട്ടില്ല അതായത് അച്ഛൻ–ടീച്ചർ–ഗുരുവിന്റെ മടിത്തട്ടെന്ന് ഒന്നാണെന്ന്. ബാബ ചോദിക്കുകയാണ്, ശിവബാബക്ക് അച്ഛനില്ലേ. പറയുകയാണ് ഉണ്ട്. ശരി, ശിവബാബക്ക് ടീച്ചറുണ്ടോ? ഗുരുവുണ്ടോ? ഇല്ല. കേവലം അച്ഛനും അമ്മയും മാത്രം. ഇത് ഗുഹ്യമായ കാര്യമാണ്. ബാബ കുട്ടികളിലും, കുട്ടികൾ ബാബയിലും ബലിയർപ്പിക്കുന്നു. ലൗകികത്തിൽ കുട്ടികൾ അച്ഛനിൽ ബലിയർപ്പിക്കുന്നില്ല, അച്ഛൻ ബലിയർപ്പിക്കുന്നു. അതുകൊണ്ട് ഇത് മനസ്സിലാക്കേണ്ട കാര്യമാണ്, അതായത് പരമാത്മാവ് അച്ഛനും, ടീച്ചറും സദ്ഗുരുവുമാണ്, അവരിൽ നിന്നു തന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) സ്വദർശന ചക്രധാരിയായി മാറണം. നാം ശ്രേഷ്ഠ ബ്രാഹ്മണരാണ്, ഈശ്വരീയ സമ്പ്രദായികളാണെന്ന ലഹരിയിലിരിക്കണം.

2) തന്റെ സമയം ബാബയുടെ ഓർമ്മയിൽ സഫലമാക്കണം. ആത്മീയ സേവനത്തിൽ മുഴുകിയിരിക്കണം. ബാബയിൽ പൂർണ്ണ രീതിയിൽ ബലിയർപ്പണമാകണം.

## വരദാനം :- ഏകരസ സ്ഥിതിയുടെ ഇരിപ്പിടത്തിൽ മനസ്സിനെയും - ബുദ്ധിയെയും ഇരുത്തുന്ന സത്യമായ തപസ്വിയായി ഭവിക്കൂ

തപസ്വി സദാ ആസനധാരിയായിരിക്കും, അവർ ഏതെങ്കിലുമെല്ലാം ആസനത്തിലിരുന്ന് തപസ്യ ചെയ്യുന്നു. താങ്കൾ തപസ്വീ കുട്ടികളുടെ ഇരിപ്പിടമാണ് - ഏകരസ സ്ഥിതി, ഫരിസ്താ സ്ഥിതി. ഈ ശ്രേഷ്ഠ സ്ഥിതികളുടെ ആസനത്തിൽ സ്ഥിതി ചെയ്ത് തപസ്യ ചെയ്യൂ. ഏതു പോലെയാണോ സ്ഥൂലമായ ഇരിപ്പിട്ടത്തിൽ ശരീരം ഇരിക്കുന്നത് അതുപോലെ ശ്രേഷ്ഠ സ്ഥിതിയുടെ ഇരിപ്പിടത്തിൽ മനസ്സിനെയും - ബുദ്ധിയെയും ഇരുത്തൂ, എത്ര സമയം ആഗ്രഹിക്കുന്നോ, എപ്പോൾ ആഗ്രഹിക്കുന്നോ - ഈ ഇരിപ്പിടത്തിൽ ഇരിക്കൂ. ഈ സമയം ശ്രേഷ്ഠ സ്ഥിതിയുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നവർക്ക് ഭാവിയിൽ രാജ്യത്തിന്റെ സിംഹാസനം പ്രാപ്തമാകുന്നു.

## സ്ലോഗൻ :- മറ്റുള്ളവരുടെ ചിന്തകളെ തന്റെ ചിന്തകളുമായി യോജിപ്പിച്ച് സർവ്വർക്കും ബഹുമാനം നൽകുന്നത് തന്നെയാണ് ആദരണീയനാകുന്നതിന്റെ സാധന.